സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം):

		സമർപ്പിച്ച കേസുകൾ		തീരുമാനമായവ
(എ)	1980	— 15		15
	1981	— 24		24
	1982	— 9		9
	1983	— 17		17
	1984	— 20		5
	1985	— 16		3
(ബി)	1980	— 760	രൂപ	
	1981	— 1458	,,	
	1982	— 625	,,	
	1983	— 1465	,,	
	1984	— 426	,,	
	1985	— 620	,,	

(സി) വർദ്ധിപ്പിച്ച നിരക്കുകൾ പിൻവലിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ട്.

(ഡി) സഹകരണസംഘങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിലാണ് ഫീസ് നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. എന്നാലും പരാതികൾ പരിശോധിക്കുന്നതാണ്.

ഏഴാം പദ്ധതിക്കാലത്തെ വിനോദസഞ്ചാര വികസനപരിപാടികൾ

* 92 [134] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴാം പദ്ധതിക്കാലത്ത് വിനോദസഞ്ചാരവികസനത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) ആഭ്യന്തര ജലഗതാഗതവികസനം, വാട്ടർ സ്പോർട്സ്, മലമ്പുഴ പൂന്തോട്ടത്തിന്റെ വികസനം, വേളി ടൂറിസ്റ്റ്-കം-ലിഷർ കോംപ്ലക്സിന്റെ വികസനം, മിതവ്യയക്കാരായ ടൂറിസ്റ്റുകൾക്കായി പ്രധാന വിനോദസഞ്ചാര തീർത്ഥാടന കേന്ദ്രങ്ങളിൽ നാഷണൽ പാർക്കുകൾ, യൂത്ത് ഹോസ്റ്റലുകൾ, ഡോർമിറ്ററികൾ തുടങ്ങിയവ പണിയുക മുതലായവയാണ് കരട് ഏഴാം പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പുതിയ പദ്ധതികൾ.

കേരളത്തിനകത്തും പുറത്തുമുള്ള തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനും ഉദ്ദേശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly